## മധുരമായ കുട്ടികളേ - അമൃതവേളയിൽ തന്റെ മറ്റു സങ്കല്പങ്ങളെയെല്ലാം അവസാനിപ്പിച്ച് ഒരേയൊരു ബാബയെ സ്നേഹത്തോടെ ഓർമ്മിക്കൂ, ബാബയോട് മധുര മധുരമായി ആത്മീയ സംഭാഷണം നടത്തൂ.

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെ ഓരോ വാക്കിലും അർത്ഥമുണ്ട്, അർത്ഥസഹിതമുള്ള വാക്കുകൾ ആർക്കാണ് പറയാൻ കഴിയുക?
**ഉത്തരം:-** ആരാണോ ദേഹീ അഭിമാനികൾ, അവർക്കേ ഓരോ വാക്കും അർത്ഥ സഹിതം പറയാൻ സാധിക്കൂ. ബാബ നിങ്ങളെ സംഗമത്തിൽ എന്തെല്ലാം പഠിപ്പിക്കുന്നുവോ, അതെല്ലാം അർത്ഥമുള്ളതാണ്. ദേഹാഭിമാനത്തിൽ വന്ന് മനുഷ്യർ എന്തെല്ലാം പറയുന്നുവോ അതെല്ലാം അർത്ഥമില്ലാത്ത അനർത്ഥങ്ങളാണ്. അതിൽ നിന്നും ഒരു ഫലവും ഉണ്ടാകുന്നില്ല, ഒരു പ്രയോജനവുമില്ല.

**ഗീതം:-** നയനഹീനർക്ക് വഴി കാണിക്കൂ പ്രഭോ...

**ഓം ശാന്തി**. ഈ ഗീതങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. നിങ്ങൾക്ക് ഗീതങ്ങളുടെ ആവശ്യമില്ല. ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ ബുദ്ധിമുട്ടുകൾ ധാരാളമാണ്. എത്രയധികം ആചാരാനുഷ്ഠാനങ്ങളാണ് നടക്കുന്നത്- ബ്രാഹ്മണരെ കഴിപ്പിക്കുക, തീർത്ഥാടനം നടത്തുക തുടങ്ങി ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. ഇവിടെ വരുമ്പോൾ മുഴുവൻ ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷപ്പെടുന്നു. ഇതിൽ ഒന്നും ചെയ്യാനില്ല. വായിലൂടെ ശിവ ശിവ എന്നു പറയുകയും വേണ്ട. അത് വിധിപൂർവ്വമുള്ള കാര്യമല്ല, അതിലൂടെ ഒരു ഫലവും ലഭിക്കില്ല. ബാബ പറയുന്നു - ഇത് ഉള്ളുകൊണ്ട് മനസ്സിലാക്കണം ഞാൻ ആത്മാവാണ്. ബാബ പറഞ്ഞിട്ടുണ്ട്, എന്നെ ഓർമ്മിക്കൂ..., അന്തർമുഖിയായി ബാബയെ ഓർമ്മിക്കണം, ബാബ പ്രതിജ്ഞ ചെയ്യുകയാണ് ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. ഇതാണ് യോഗാഗ്നി, ഇതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും പിന്നീട് നിങ്ങൾ തിരിച്ച് പോകും. ചരിത്രം ആവർത്തിക്കുകയാണ്. ഇതെല്ലാം തന്നോടുതന്നെ സംസാരിക്കാനുള്ള യുക്തികളാണ്. തന്നോടുതന്നെ ആത്മീയ സംഭാഷണം നടത്തിക്കൊണ്ടിരിക്കൂ. ബാബ പറയുന്നു - ഞാൻ കൽപ-കൽപം നിങ്ങൾക്ക് ഈ യുക്തി പറഞ്ഞുതരുന്നു. ഇതും അറിയാം പതുക്കെ-പതുക്കെ ഈ വൃക്ഷം വൃദ്ധി പ്രാപിക്കും. എപ്പോഴാണോ ഞാൻ വന്ന് നിങ്ങൾ കുട്ടികളെ മായയുടെ ബന്ധനത്തിൽ നിന്നും മുക്തമാക്കുന്നത് അപ്പോഴാണ് മായയുടെ കൊടുങ്കാറ്റ് വീശുന്നത്. സത്യയുഗത്തിൽ ഒരു ബന്ധനവും ഉണ്ടാകില്ല. ഈ പുരുഷോത്തമ സംഗമയുഗവും ഇപ്പോൾ അർത്ഥ സഹിതം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഇവിടെ ഓരോ കാര്യവും അർത്ഥ സഹിതമാണ്. ദേഹാഭിമാനികൾ എന്തെല്ലാം കാര്യങ്ങൾ പറയുന്നുവോ അതെല്ലാം അനർത്ഥങ്ങളാണ്. ദേഹീ- അഭിമാനി എന്തെല്ലാം കാര്യങ്ങൾ പറയുന്നുവോ അതെല്ലാം അർത്ഥമുള്ളതാണ്. അതിൽ ഫലമുണ്ടാകും. ഇപ്പോൾ ഭക്തിമാർഗ്ഗത്തിൽ എത്ര ബുദ്ധിമുട്ടുകളാണ്. തീർത്ഥയാത്ര നടത്തണം, ഇങ്ങനെ ചെയ്യണം, അങ്ങനെ ചെയ്യണം ഇതെല്ലാം ഭഗവാനിലേക്കെത്തുന്നതിനുള്ള വഴികളാണ് എന്നു കരുതുന്നു. എന്നാൽ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ട് ,ഒരാൾക്കുപോലും തിരിച്ചുപോകാൻ കഴിയില്ല. ആദ്യ നമ്പറിലുള്ള വിശ്വത്തിന്റെ അധികാരിയായി മാറിയ ലക്ഷ്മീ നാരായണന്മാർക്കാണ് 84 ജന്മങ്ങൾ കാണിക്കുന്നത്. അപ്പോൾ പിന്നെങ്ങിനെ ബാക്കിയുള്ളവർക്ക് രക്ഷപ്പെടാൻ കഴിയും. ഇപ്പോൾ ചക്രത്തിൽ വരികയാണെങ്കിൽ കൃഷ്ണൻ സദാ കൃഷ്ണനായിരിക്കും എന്ന് എങ്ങനെ പറയാൻ സാധിക്കും. ശരിയാണ്, കൃഷ്ണന്റെ നാമവും രൂപവുമെല്ലാം മാറി, ബാക്കി ആത്മാവ് ഏതെങ്കിലും രൂപത്തിലുണ്ടായിരിക്കും. ഈ മുഴുവൻ കാര്യങ്ങളും ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇത് പഠിപ്പാണ്. വിദ്യാർത്ഥി ജീവിതത്തിൽ ശ്രദ്ധ നൽകണം. ദിവസവും ചാർട്ട് എഴുതാനായി കുറച്ചുസമയം നീക്കിവെക്കണം. വ്യാപാരികൾക്ക് ഒരുപാട് ബന്ധനങ്ങൾ ഉണ്ടാകും. ജോലി ചെയ്യുന്നവർക്ക് ബന്ധനം ഉണ്ടാകില്ല. അവർ അവരുടെ ജോലി പൂർത്തിയാക്കി, അതോടെ കഴിഞ്ഞു. വ്യാപാരികളാണെങ്കിൽ അവരുടെ അടുത്തേക്ക് ഉപഭോക്താക്കൾ വരുമ്പോൾ ഏതു സമയത്തും സപ്ലൈ ചെയ്യേണ്ടതായി വരും. ബുദ്ധിയോഗം പുറത്തുപോകും. അതിനാൽ പരിശ്രമിച്ച് സമയം നീക്കിവെക്കണം, അമൃതവേളയുടെ സമയം വളരെ നല്ലതാണ്. ആ സമയത്ത് പുറത്തുള്ള ചിന്തകളെ അവസാനിപ്പിക്കണം, ഒരു ചിന്തയും വരരുത്. ബാബയുടെ ഓർമ്മയുണ്ടാകണം. ബാബയുടെ മഹിമകൾ എഴുതണം - ബാബ ജ്ഞാനസാഗരനാണ്, പതിത പാവനനാണ്. ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു, ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം. ഏറ്റവും നല്ല മതം ലഭിക്കുന്നു മന്മനാഭവ. മറ്റാർക്കും പറയാൻ സാധിക്കില്ല. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിന് കൽപ കൽപം ഈ മതം ലഭിക്കുന്നു. ബാബ ഇത്രയേ പറയുന്നുള്ളു, എന്നെമാത്രം

ഓർമ്മിക്കൂ.... ഇതിനെയാണ് വശീകരണ മന്ത്രം എന്നു പറയുന്നത്, അർത്ഥസഹിതം ഓർമ്മിക്കുന്നതിലൂടെയേ സന്തോഷം ഉണ്ടാകൂ.

ബാബ പറയുന്നു, അവ്യഭിചാരിയായ ഓർമ്മവേണം. ഭക്തിയിൽ ഒരു ശിവബാബയുടെ പൂജ ആദ്യം അവ്യഭിചാരിയായിരുന്നു പിന്നീട് വ്യഭിചാരിയാകുന്നതിലൂടെ അനേകരുടെ ഭക്തി ചെയ്യുന്നു. ആദ്യം ഉണ്ടായിരുന്നത് അദ്വൈതഭക്തിയായിരുന്നു, ഒരാളുടെ ഭക്തിയായിരുന്നു ചെയ്തത്. ജ്ഞാനവും ആ ഒരാളിൽ നിന്നുതന്നെ കേൾക്കണം. നിങ്ങൾ കുട്ടികൾ ആരുടെ ഭക്തിയാണോ ചെയ്തത്, അവർ സ്വയം നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ് – മധുര മധുരമായ കുട്ടികളേ ഇപ്പോൾ ഞാൻ വന്നിരിക്കുന്നു, ഈ ഭക്തിയുടെ കാലഘട്ടം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. നിങ്ങൾ തന്നെയാണ് ആദ്യമാദ്യം ശിവബാബയുടെ ക്ഷേത്രം നിർമ്മിച്ചത്. ആ സമയത്ത് നിങ്ങൾ അവ്യഭിചാരി ഭക്തരായിരുന്നു, അതിനാൽ വളരെ സുഖികളായിരുന്നു എന്നാൽ പിന്നീട് വ്യഭിചാരി ഭക്തിചെയ്തതിനാൽ ദ്വൈതത്തിലേക്ക് വന്നു അപ്പോൾ കുറച്ച് ദുഃഖമുണ്ടാകുന്നു. ഒരു ബാബ എല്ലാവർക്കും സുഖം നൽകുന്നവനല്ലേ. ബാബ പറയുന്നു ,ഞാൻ വന്ന് നിങ്ങൾ കുട്ടികൾക്ക് മന്ത്രം നൽകുകയാണ്. മന്ത്രവും ഒരാളിൽ നിന്ന് കേൾക്കൂ, ഇവിടെ ദേഹധാരിയായ ആരുമില്ല. ഇവിടെ നിങ്ങൾ ബാപ്ദാദയുടെ അടുത്തേക്കാണ് വരുന്നത്. ശിവബാബയേക്കാൾ ഉയർന്നവരായി ആരുമില്ല. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം, ലക്ഷ്മീ–നാരായണന്മാരുടെ രാജ്യമായിരുന്നു. അവരെ ഇങ്ങനെയാക്കി മാറ്റിയത് ആരാണ്? ആരുടെ പൂജയാണ് പിന്നീട് നിങ്ങൾ ചെയ്യുന്നത്. മഹാലക്ഷ്മി ആരാണ് എന്നത് ആർക്കും അറിയില്ല! മഹാലക്ഷ്മിയുടെ മുൻജന്മം ഏതായിരുന്നു? നിങ്ങൾ കുട്ടികൾക്കറിയാം അത് ജഗദംബയായിരുന്നു. നിങ്ങളെല്ലാവരും മാതാക്കളാണ്, വന്ദേ മാതരം. മുഴുവൻ വിശ്വത്തിലും നിങ്ങൾ നിങ്ങളുടെ അവസരമെടുക്കുന്നു. ഭാരതമാതാവ് എന്നത് ഒരാളുടെ പേരല്ല. നിങ്ങൾ എല്ലാവരും ശിവനിൽ നിന്നും യോഗബലത്തിലൂടെ ശക്തി നേടുന്നു. ശക്തി എടുക്കുന്നതിൽ മായ തടസ്സമുണ്ടാക്കുന്നു. യുദ്ധത്തിൽ ആരെങ്കിലും അനീതി കാണിക്കുകയാണെങ്കിൽ വളരെ ധൈര്യവാനായി യുദ്ധം ചെയ്യണം. അല്ലാതെ ആരോ അനീതി കാണിച്ചു നിങ്ങൾ ഉടൻ കുടുങ്ങി അങ്ങനെയാകരുത്, ഇത് മായയുടെ യുദ്ധമാണ്. ബാക്കി ഏതെങ്കിലും കൗരവരുടെയോ, പാണ്ഢവരുടേയോ യുദ്ധമില്ല, അവർ സ്വയം തന്നെയാണ് യുദ്ധം ചെയ്യുന്നത്. മനുഷ്യർ യുദ്ധം ചെയ്യുമ്പോൾ ഒന്നോ രണ്ടോ അടി ഭൂമിക്ക് വേണ്ടി കഴുത്തറക്കുന്നു. ബാബ വന്ന് മനസ്സിലാക്കിത്തരുന്നു – ഇതെല്ലാം ഡ്രാമയിൽ ഉള്ളതാണ്. രാമരാജ്യം, രാവണരാജ്യം, ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ രാമരാജ്യത്തിലേക്ക് പോകും, അവിടെ അളവില്ലാത്ത സുഖമാണ്. പേരുതന്നെ സുഖധാമം എന്നാണ്, അവിടെ ദുഃഖത്തിന്റെ പേരോ, അടയാളമോ ഇല്ല. ഇപ്പോൾ ഇങ്ങനെയുള്ള രാജധാനി നൽകാനായി ബാബ വന്നിരിക്കുന്നു അപ്പോൾ നിങ്ങൾ കുട്ടികൾ എത്ര പുരുഷാർത്ഥം ചെയ്യണം. അടിക്കടി പറയുന്നു, കുട്ടികളേ ക്ഷീണിക്കരുത്. ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ബാബയും ബിന്ദുവാണ്, നമ്മൾ ആത്മാക്കളും ബിന്ദുവാണ്, ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്, ഇപ്പോൾ പാർട്ട് പൂർത്തിയായിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. വികർമ്മം ആത്മാവിലല്ലേ പതിയുന്നത്. ശരീരം ഇവിടെ അവസാനിക്കും. ചില മനുഷ്യർ എന്തെങ്കിലും പാപകർമ്മം ചെയ്താൽ തന്റെ ശരീരത്തെത്തന്നെ നശിപ്പിക്കുന്നു. എന്നാൽ ഇതിലൂടെ പാപം ഇല്ലാതാകില്ല. പാപാത്മാവ് എന്ന് പറയാറുണ്ട്. സാധു–സന്യാസിമാർ പറയുന്നത് ആത്മാവ് നിർലേപമാണ്, ആത്മാവുതന്നെയാണ് പരമാത്മാവ് എന്നെല്ലാമാണ്.., അനേകം അഭിപ്രായങ്ങളുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ഒരു ശ്രീമതം ലഭിക്കുകയാണ്. ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകിയിരിക്കുന്നു. ആത്മാവ് തന്നെയാണ് എല്ലാം അറിയുന്നത്. മുമ്പ് ഈശ്വരനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ആത്മാവ് എത്ര ചെറുതാണ്, ആദ്യമാദ്യം ആത്മാവിന്റെ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. ആത്മാവ് വളരെ സൂക്ഷ്മമാണ്, അതിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു, അതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ജ്ഞാനത്തിന്റെ കാര്യങ്ങൾ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബയും ഭൃകുടിയുടെ മധ്യത്തിൽ ഇദ്ദേഹത്തിനരികിൽ വന്നിരിക്കുന്നു. ബ്രഹ്മാവും പെട്ടെന്ന് മനസ്സിലാക്കുന്നുണ്ട്. ഇതെല്ലാം പുതിയ കാര്യങ്ങളാണ് ഇത് ബാബയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. ഇത് പക്കയായി ഓർമ്മിക്കൂ, മറന്നുപോകരുത്. ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം വികർമ്മം വിനാശമാകും. നിങ്ങളുടെ ഭാവിയുടെ ആധാരം വികർമ്മങ്ങൾ വിനാശമാകുന്നതിലാണ്. നിങ്ങൾ കുട്ടികളെപ്പോലെ ഭാരതഖണ്ഢവും വളരെ സൗഭാഗ്യശാലിയാണ്, ഇതുപോലെ സൗഭാഗ്യശാലിയായ മറ്റൊരു ഖണ്ഢവുമില്ല. ഇവിടെയാണ് ബാബ വരുന്നത്. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം, ഇതിനെ അല്ലാഹുവിന്റെ പൂന്തോട്ടം എന്നും പറയാറുണ്ട്. നിങ്ങൾക്കറിയാം, ബാബ വീണ്ടും ഭാരതത്തെ പൂക്കളുടെ പൂന്തോട്ടമാക്കുകയാണ്, നമ്മൾ പഠിക്കുന്നതുതന്നെ അവിടേക്ക് പോകുന്നതിനായാണ്. സാക്ഷാത്ക്കാരവും ചെയ്യിക്കുന്നു, ഇതും അറിയാം, അതായത് ഇത് അതേ മഹാഭാരത യുദ്ധമാണ്, ഇനി ഇതുപോലൊരു യുദ്ധം നടക്കില്ല. നിങ്ങൾ കുട്ടികൾക്കായി പുതിയ ലോകവും തീർച്ചയായും വേണം. പുതിയ

ലോകം ഉണ്ടായിരുന്നല്ലോ, ഭാരതം സ്വർഗ്ഗമായിരുന്നു. 5000 വർഷമായി, ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമില്ല. ലക്ഷക്കണക്കിന് വർഷങ്ങളായാൽ മനുഷ്യരുടെ എണ്ണം എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കാത്തതാകും. ഇതും ആരുടേയും ബുദ്ധിയിൽ വരുന്നില്ല അതായത് ഇത്രയും ജനസംഖ്യ ഇല്ലാത്തപ്പോൾ എങ്ങനെ ഇങ്ങനെ സംഭവിക്കും.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് – ഇന്നേക്ക് 5000 വർഷങ്ങൾക്ക് മുൻപ് നമ്മൾ വിശ്വത്തിൽ രാജ്യം ഭരിച്ചിരുന്നു, മറ്റ് ഖണ്ഡങ്ങളൊന്നും ഉണ്ടായിരുന്നില്ല, അതെല്ലാം പിന്നീടാണ് ഉണ്ടാകുന്നത്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ കാര്യങ്ങളുമുണ്ട്, മറ്റാരുടേയും ബുദ്ധിയിൽ ഒന്നും തന്നെയില്ല. അല്പം സൂചന നൽകിയാൽ മനസ്സിലാക്കും. കാര്യം തീർച്ചയാണ്, നമുക്കും മുൻപ് തീർച്ചയായും ഏതോ ധർമ്മം ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഒരേയൊരു ആദി സനാതന ദേവീദേവതാ ധർമ്മമായിരുന്നു ഉണ്ടായിരുന്നത്, പിന്നീട് ആ ധർമ്മം എവിടെപ്പോയി? ഹിന്ദു ധർമ്മം എവിടെനിന്നാണ് വന്നത്? ആരുടേയും ചിന്ത ഈ കാര്യങ്ങളിലേക്ക് പോകുന്നില്ല. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും– ബാബ ജ്ഞാനസാഗരനാണ്, ജ്ഞാനത്തിന്റെ അധികാരിയാണ്. എങ്കിൽ തീർച്ചയായും വന്ന് ജ്ഞാനം കേൾപ്പിച്ചിട്ടുണ്ടാകും. ജ്ഞാനത്തിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്, ഇതിൽ പ്രേരണയുടെ കാര്യമില്ല. ബാബ പറയുന്നു, എങ്ങനെയാണോ ഇപ്പോൾ വന്നത്, അതുപോലെ കൽപ കൽപം വരുന്നു. കൽപത്തിനുശേഷവും വന്ന് മുഴുവൻ കുട്ടികളേയും കാണും. നിങ്ങളും ഇതുപോലെ ചക്രം കറങ്ങുന്നു. രാജ്യം നേടുന്നു, പിന്നീട് നഷ്ടപ്പെടുത്തുന്നു. ഇത് പരിധിയില്ലാത്ത നാടകമാണ്, നിങ്ങൾ എല്ലാവരും അഭിനേതാക്കളാണ്. ആത്മാവ് അഭിനേതാവായിക്കൊണ്ട് രചയിതാവിനേയും സംവിധായകനേയും മുഖ്യ അഭിനേതാവിനേയും അറിയുന്നില്ലെങ്കിൽ പിന്നെന്തുചെയ്യും,. ആത്മാവ് എങ്ങനെയാണ് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നത് എന്നത് നിങ്ങൾ കുട്ടികൾക്കറിയാം. ഇപ്പോൾ വീണ്ടും തിരിച്ച് പോകണം. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അന്ത്യമാണ്. എത്ര സഹജമായ കാര്യമാണ്. നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ – ബാബ എത്ര ഗുപ്തമായാണ് ഇരിക്കുന്നത്. അലമാരക്കുള്ളിൽ ഭഗവാനെ കണ്ടു. ഇപ്പോൾ കണ്ടു എന്ന് പറയണമോ, അതോ അറിഞ്ഞു എന്ന് പറയണമോ – കാര്യം ഒന്നുതന്നെയാണ്. ആത്മാവിനെ കാണാൻ കഴിയും എന്നാൽ അതുകൊണ്ട് പ്രയോജനമില്ല. ആർക്കും മനസ്സിലാകില്ല. തീവ്ര ഭക്തി ചെയ്യുമ്പോൾ സാക്ഷാത്ക്കാരം ലഭിക്കുന്നു, മുൻപ് നിങ്ങൾ കുട്ടികളും എത്ര സാക്ഷാത്ക്കാരം ചെയ്തിരുന്നു, ഒരുപാട് പരിപാടികൾ വന്നിരുന്നു വീണ്ടും അവസാനം നിങ്ങൾ ഈ കളികാണും. ഇപ്പോൾ ബാബ പറയുന്നു, പഠിച്ച് സമർത്ഥരായി മാറൂ. ഇപ്പോൾ പഠിക്കുന്നില്ലെങ്കിൽ പിന്നീട് റിസൾട്ട് വരുമ്പോൾ തല കുനിക്കേണ്ടതായി വരും, ഞാൻ എത്ര സമയം വ്യർത്ഥമാക്കി എന്നത് പിന്നീട് മനസ്സിലാക്കും. എത്രത്തോളം ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവോ, അത്രത്തോളം ഓർമ്മയുടെ ബലത്തിലൂടെ പാപം ഇല്ലാതാകും. എത്രത്തോളം ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും സന്തോഷത്തിന്റെ രസം ഉയരും.

ഭഗവാനെ എന്തുകൊണ്ടാണ് ഓർമ്മിക്കുന്നത് എന്നത് മനുഷ്യർക്കറിയില്ല! പറയുന്നുമുണ്ട് അങ്ങുതന്നെയാണ് മാതാവും പിതാവും... അർത്ഥം അറിയുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം, ശിവന്റെ ചിത്രം ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും – ഇത് ജ്ഞാനസാഗരൻ, പതീത പാവനനാണ്, ഓർമ്മിക്കണം. കുട്ടികൾക്കറിയാം, അളവില്ലാത്ത സുഖത്തിന്റെ വഴി പറഞ്ഞുതരാനായി ആ ബാബ വന്നിരിക്കുകയാണ്. ഇത് പഠിപ്പാണ്. ഇതിൽ ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി നേടും. ഇത് കാലങ്ങളായി സിംഹാസനം കൈമാറി വന്ന ഒരു സന്യാസിയോ, ഗുരുവോ അല്ല. ഇതാണ് ശിവബാബയുടെ സിംഹാസനം. ബാബ പോയാൽ രണ്ടാമത് ആരെങ്കിലും ഈ സിംഹാസനത്തിൽ ഇരിക്കും, അങ്ങനെയില്ല. ബാബ എല്ലാവരേയും കൂടെക്കൊണ്ടുപോകും. പല കുട്ടികളും വ്യർത്ഥമായ ചിന്തകളിൽ തന്റെ സമയം പാഴാക്കുന്നു. കരുതുന്നു വളരെ അധികം പണം സമ്പാദിക്കണം, പേരമക്കൾ കഴിക്കും, പിന്നീട് ആവശ്യം വരും, ബാങ്ക് ലോക്കറിൽ ശേഖരിച്ച് വെക്കാം, കുട്ടികളും മക്കളും അനുഭവിക്കും. എന്നാൽ ഗവൺമെന്റ് ആരെയും വിടില്ല അതിനാൽ ഇതിനെക്കുറിച്ച് അധികം ചിന്തിക്കാതെ തന്റെ ഭാവിയിലെ സമ്പാദ്യത്തിൽ മുഴുകണം. ഇപ്പോൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം. ഡ്രാമയിൽ ഉണ്ടെങ്കിൽ ചെയ്യാം എന്നല്ല. പുരുഷാർത്ഥം ചെയ്യാതെ ഭക്ഷണം പോലും ലഭിക്കില്ല എന്നാൽ ആരുടെയാണോ ഭാഗ്യത്തിൽ ഇല്ലാത്തത് അവർക്ക് ഇങ്ങനെയുള്ള ചിന്തകൾ വന്നുകൊണ്ടിരിക്കും. ഭാഗ്യത്തിലില്ലെങ്കിൽ പിന്നെ ഭഗവാനും എന്ത് ചെയ്യാൻ സാധിക്കും. ആരുടെയാണോ ഭാഗ്യത്തിലുള്ളത്, അവർ നല്ലരീതിയിൽ ധാരണ ചെയ്യുകയും, ചെയ്യിപ്പിക്കുകയും ചെയ്യും. ബാബ നിങ്ങളുടെ ടീച്ചറുമാണ്, ഗുരുവുമാണ് അതിനാൽ ബാബയെ ഓർമ്മിക്കണം. ഏറ്റവും പ്രിയപ്പെട്ടത് അച്ഛനും, ടീച്ചറും, ഗുരുവുമായിരിക്കും. അവരെ ഓർമ്മിക്കണമല്ലോ. ബാബ അനേകം യുക്തികൾ പറഞ്ഞുതരുന്നുണ്ട്. നിങ്ങൾക്ക് സാധു സന്യാസിമാർക്കും

ക്ഷണം നൽകാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) പുരുഷാർത്ഥം ചെയ്ത് തന്റെ ഭാവിയിലേക്കുള്ള സമ്പാദ്യം ശേഖരിക്കണം, ഡ്രാമയിൽ ഉണ്ടെങ്കിൽ ചെയ്യാം എന്ന് പറഞ്ഞ് പുരുഷാർത്ഥഹീനരാകരുത്.

2) മുഴുവൻ ദിവസത്തിലും എന്തെല്ലാം പാപം ഉണ്ടാകുന്നുവോ അഥവാ ദുഃഖം നൽകുന്നുവോ അതെല്ലാം കുറിച്ചുവെക്കണം. സത്യതയോടെ ബാബയെ കേൾപ്പിക്കണം, ശുദ്ധമായ ഹൃദയമുള്ളവരായി മാറി ബാബയുടെ ഓർമ്മയിലൂടെ മുഴുവൻ കണക്കുകളും ഇല്ലാതാക്കണം.

## വരദാനം- കിരീടത്തെയും,സിംഹാസനത്തെയും സദാ നിലനിർത്തുന്ന നിരന്തരവും, സ്വാഭാവികവുമായ യോഗികളായി ഭവിക്കട്ടെ.

എല്ലാകുട്ടികൾക്കും വർത്തമാനസമയത്ത് ബാബയിൽ നിന്നും കിരീടവും,സിംഹാസനവും ലഭിക്കുന്നുണ്ട് ഇപ്പോഴത്തെ ഈ കിരീടവും, സിംഹാസനവും അനേകജന്മങ്ങളിൽ കിരീടവും സിംഹാസനവും പ്രാപ്തമാക്കാൻ സഹായിക്കും.വിശ്വമംഗളത്തിന്റെ ഉത്തരവാദിത്വത്തിന്റെ കിരീടവും,ബാപ്ദാദയുടെ ഹൃദയസിംഹാസനവും സദാ ഉണ്ടെങ്കിൽ നിരന്തരവും,സ്വാഭാവികവുമായ യോഗികളായി മാറാൻ സാധിക്കും.അവർക്ക് ഒരുതരത്തിലുമുള്ള പ്രയത്നത്തിന്റേയും ആവശ്യം വരില്ല.കാരണം ഒന്നാമതായി, സംബന്ധം സമീപത്തുള്ളതാണ്,രണ്ടാമതായി പ്രാപ്തികൾ അളവറ്റതുമാണ്.എവിടെയാണോ പ്രാപ്തിയുള്ളത് അവിടെ ഓർമ്മ സ്വതവേ ഉണ്ടാകുന്നു.

## സ്ലോഗൻ: സരളമായ ബുദ്ധിയിലൂടെ പ്ളാനുകളെ പ്രാക്ടിക്കലിലേക്ക് കൊണ്ടുവരുന്നതിൽത്തന്നെ സഫലത അടങ്ങിയിരിക്കുന്നു.

**അവ്യക്ത സൂചന-ആത്മീയമായ അന്തസ്സിന്റെയും, പവിത്രതയുടേയും വ്യക്തിത്വത്തെ ധാരണ ചെയ്യൂ...**
ദു:ഖത്തിന്റെയും,അശാന്തിയുടേയും ഉത്പത്തി അപവിത്രതയിൽനിന്നുമാണ് ഉണ്ടാകുന്നത്.എവിടെയാണോ അപവിത്രത ഇല്ലാത്തത്,അവിടെ ദു:ഖവും അശാന്തിയും എങ്ങിനെ വരാനാണ്.താങ്കൾ പതീതപാവനനായ ബാബയുടെ കുട്ടികൾ മാസ്റ്റർ പതീതപാവനരാണ്.ആരാണോ മറ്റുള്ളവരെക്കൂടി പതീതത്തിൽനിന്നും പാവനമാക്കുന്നത് അവർസ്വയം പാവനമായിരിക്കുമല്ലോ.അങ്ങിനെയുള്ള പാവനവും,പവിത്രവുമായ ആത്മാക്കളിൽ സുഖവും, ശാന്തിയും സ്വതവേ ഉണ്ടാകുന്നു.ഏറ്റവും വലിയ മഹത്വമാണ് പാവനമാകുക എന്നത്.ഈ മഹാനതയുടെ മുന്നിൽ ഇന്നും എല്ലാവരും ശിരസ്സ് നമിക്കുന്നു